(ബി) ഇനി എത്ര തുക ലഭിക്കും എന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) ഗ്രാമീണ റോഡുകളുടെ പണി തുടങ്ങിയിട്ട് പൂർത്തീകരിക്കാതെ കിടക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 54.749 കോടി രൂപ.

(ബി) ലഭിച്ചിട്ടില്ല.

(സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഭവന നിർമ്മാണ പദ്ധതികൾ

42 (1513) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയ പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ടതുപോലെ വീടുകൾ നിർമ്മിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച വാർഷിക കണക്കുകൾ ലഭ്യമാണോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക വകമാറ്റിയിരുന്നുവോ;

(ഡി) പ്രസ്തുത രീതിയിലുള്ള വകമാറ്റൽ ആ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ വഷളാക്കിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	ഭൗതിക ലക്ഷ്യം	പൂർത്തീകരിച്ചവീടുകൾ
2011-12	53808	54717
2012-13	59620	44902
2013-14	45738	42125
2014-15	59060	51261
2015-16 (ഒക്ടോബർ വരെ)	59060	47197

നഗരസഭാ തലത്തിലുള്ള കണക്കുകൾ അനുബന്ധം (1)* ആയി ചേർത്തിരിക്കുന്നു.

(സി) ഇന്ദിര ആവാസ് യോജന പദ്ധതിയിൽ ഏറ്റെടുക്കുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് പൊതുവിഭാഗത്തിന് 2 ലക്ഷമായും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3 ലക്ഷമായും വർദ്ധിപ്പിച്ചതുമൂലം ഉണ്ടായിട്ടുള്ള അധിക ബാധ്യതയിൽ സംസ്ഥാനം നൽകുന്ന അധികധനസഹായത്തിനും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകുന്ന ധനസഹായത്തിനും പുറമേ വരുന്ന ബാധ്യത ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ ഇക വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഇക ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ നിന്നും വകയിരുത്തുന്നതാണ്.

(ഡി) ഇല്ല.

ഹാഡ പദ്ധതി

43 (1514) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതു പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് നിയോജക മണ്ഡലം, പദ്ധതി, വർഷം എന്നിവയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.